പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2539 — 12.03.2018-ൽ മറുപടിക്ക്

## ഒറ്റപ്പാലം ബൈപ്പാസ് റോഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉണ്ണി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ 26.02.2018-ൽ കിഫ്ബി-യിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി-യിൽ നിന്നും അംഗീകാരം ലഭിച്ചതിനു ശേഷമേ സ്ഥലമെടുപ്പ് നടപടി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) ഈ റോഡിനായി ഏറ്റെടുക്കേണ്ട സ്ഥലങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) യും (സി) യും — ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ച ശേഷമേ തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ പദ്ധതി അംഗീകാരത്തിനു ശേഷം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിലെ ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തേണ്ടത് എന്ന് തീരുമാനിക്കുന്നത് ജില്ലാകളക്ടറാണ്. |
| (സി) ഒറ്റപ്പാലം ബൈപ്പാസ് റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിലെ ഏത് ഓഫീസിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | |

സെക്ഷൻ ഓഫീസർ